## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3611 15.07.2015-ൽ മറുപടിക്ക്

### അമ്പലപ്പുഴയിലെ ട്യൂബ് വെല്ലുകളുടെ പ്രവർത്തനം

| ചോദ്യം<br>ശ്രീ. ജി.സുധാകരൻ : | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| എ) അമ്പലപ്പുഴ മണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള എത്ര ട്യൂബ് വെല്ലുകൾ പ്രവർത്തനം നിലച്ചതായിട്ടുണ്ട് ; വിശദാംശം നൽകുമോ ; | (എ) അമ്പലപ്പുഴ മണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള 17 ട്യൂബ് വെല്ലുകൾ പ്രവർത്തന രഹിതമായിട്ടുണ്ട്. |
| ബി) കേടായ ട്യൂബ് വെല്ലുകൾക്ക് പകരം പുതിയവ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) വരൾച്ചാദുരിതാശ്വാസ പദ്ധതിയിൽ പ്പെടുത്തി കപ്പക്കട, ആലപ്പുഴ ബീച്ച്, ചുടുകാട്, പനയം കുളങ്ങര എന്നീ സ്ഥലങ്ങളിൽ കേടായ കുഴൽക്കിണറുകൾക്ക് പകരം പുതിയ കുഴൽ കിണറുകൾ നിർമ്മിക്കാൻ അനുമതി ആയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിന് ഭൂജല വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.കൂടാതെ കറുകത്തറയിൽ സ്ഥാപിച്ചിട്ടുള്ള പുതിയ കുഴൽ കിണർ കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| സി) | ട്യൂബ് വെല്ലുകൾ കേടായതുമൂലം ശുദ്ധജലവിതരണം നിലച്ച പ്രദേശങ്ങളിൽ കുടിവെള്ള മെത്തിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ; | (സി) | കുഴൽ കിണറുകൾ കേടാകുന്ന സാഹചര്യത്തിൽ പുതിയവ സ്ഥാപിച്ച് പമ്പിംഗ് തുടങ്ങുന്നത് വരെ താൽക്കാലിക സംവിധാനം എന്ന നിലയിൽ മറ്റ് പമ്പ് ഹൗസുകളിൽ നിന്നും ജലവിതരണം നടത്തുന്ന സമീപ പ്രദേശങ്ങളിൽ നിന്നും വിതരണ കുഴലുകൾ ഇന്റർ കണക്ട് ചെയ്ത് ഭാഗികമായി കുടിവെള്ളം എത്തിക്കാറുണ്ട്. |
| ഡി) | ട്യൂബ് വെല്ലുകൾ കേടായതിനാൽ ലക്ഷങ്ങൾ മുടക്കി പ്രവർത്തന ക്ഷമമാക്കിയ ആർ.ഒ. പ്ലാൻറുകൾ ഉപയോഗശൂന്യമായ വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ഇതു പരിഹരിക്കാൻ എന്ത് അടിയന്തിര നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | ഡി) | ട്യൂബ് വെല്ല് കേടായതുമൂലം ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ഇ.എസ്.ഐ. പമ്പ് ഹൗസിൽ സ്ഥാപിച്ചിരുന്ന ആർ.ഒ. പ്ലാന്റ് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ടി പമ്പ് ഹൗസിൽ പുതിയ കുഴൽ കിണർ സ്ഥാപിച്ച് വിതരണ കുഴലുകളിലേയ്ക്ക് കുടിവെള്ളം പമ്പ് ചെയ്യാൻ തുടങ്ങിയതിനൊപ്പം ആർ.ഒ പ്ലാന്റ് പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ